കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മറ്റത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)2102/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN 680 020 തിയ്യതി 25.01.2017

Ph.No. 0487 2331249
e-mail.id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- മറ്റത്തൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)2102/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN 680 020 തിയ്യതി 25.01.2017
Ph.No. 0487 2331249
e-mail.id : dotsr.ksad@kerala.gov.in

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.03.2016മുതൽ 31.03.2016 തിയ്യതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണമടവുകളും പിൻവലിക്കലുകളും, രസീതികളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-112016 മുതൽ 29-112016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശിവദാസൻ എ.കെ,<br>അസി.ഓഡിറ്റ് ഓഫീസർ.<br>പ്രശാന്ത് റ്റി.ജി<br>അസി.ഓഡിറ്റ് ഓഫീസർ.<br>സുനിൽകുമാർ കെ.സി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീജ കെ.ടി ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ബിന്ദു ശിവദാസൻ | 01-04-2015 മുതൽ<br>30.10.2015 വരെ |
| | 01.11.15 മുതൽ<br>11.11.15 വരെ | |

| | | |
|---|---|---|
| | ഭരണ നിർവ്വഹണ കമ്മിറ്റി<br>അംഗങ്ങൾ<br>1.കെ.എ. സലീമ, സെക്രട്ടറി,<br>2. സുരേഷ്.പി., കൃഷി ഓഫീസർ,<br>3. സതി.പി.ആർ I.C.D.S., സൂപ്പർവൈസർ | |
| | പി.സി.സുബ്രൻ | 12-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | കെ.വി.ജ്യോതിഷ്കുമാർ | 01-04.2015 മുതൽ 24-07.2015 വരെ |
| | മിനി കെ | 24.07-2015 മുതൽ 3 0-07-2015 വരെ |
| | സലീമ കെ.എ | 30-07-2015 മുതൽ 21-01-2016 വരെ |
| | വിന്ദു.കെ | 22-01-2016 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.രാജീവ് | 01.04.2015മുതൽ 07.09.2015വരെ |
| | ഡോ.കൃഷ്ണകുമാർ | 07.09.2015 മുതൽ 31.10.2015 വരെ |
| | ഡോ.ഫ്രാൻസിസ് | 31.10.2015മുതൽ 01.12.2015 വരെ |
| | ഡോ. കൃഷ്ണകുമാർ | 01.12.2015മുതൽ 11.01.2016വരെ |

| | | |
|---|---|---|
| | ഡോ.ഫ്രാൻസിസ് | 11.01.2016മുതൽ 01.02.2016 വരെ |
| | ഡോ.കൃഷ്ണകുമാർ | 01.02.2016മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | സി.സുരേഷ് | 01.04.2015 മുതൽ 31-03-2016 വരെ |
| അസി.എഞ്ചിനീയർ | ഓംപ്രകാശ് ബി.ആർ | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | ബൈജു പി.ആർ | 01-04-2015 മുതൽ 31-03-2016 വരെ. |
| വെറ്ററിനറി സർജൻ | രാജീവ് കെ.ആർ | 01-04-2015 മുതൽ 31-05-2015 വരെ |
| | എം.എം എൽദോ | 01-06-2015 മുതൽ 31-03-2016 വരെ |
| ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്. കോടാലി | ജോസ് മാത്യൂ | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ | അൽജോസി ചെറിയാൻ | 01-04-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | മധു പി.പി | 01-04-2015 മുതൽ 11-09-2015 വരെ |
| | ബിന്ദു കെ | 12-09-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സതി.പി.ആർ. | 01-04-2015 മുതൽ 04-02-2016 വരെ |
| | ഫിലോമിനടീന എ.ജി | 05-02-2016 മുതൽ 31-03-2016 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ.കൊടകര ബ്ളോക്ക്, പുതുക്കാട്. | ഇഷ മുരളി. | 01-04-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിൻെറ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തുനികുതി - കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. | 2-1 |
| | ഭാഗം 3 | |
| 13 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനസൃതമല്ലാതെ കായിക പരിശീലനപദ്ധതി നടപ്പിലാക്കുകയും വ്യക്തിഗത ഗുണഭോക്താക്കൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം നടത്തുകയും ചെയ്തു . | 3-1 |
| 14 | രേഖകളുടെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-2 |
| 15 | ആദായനികുതി ഈടാക്കി അടവാക്കേണ്ടതാണ് | 3-3 |

| | | |
|---|---|---|
| 16 | തെരുവ് വിളക്ക് പരിപാലനപ്രവൃത്തികൾ- അംഗീകൃതകരാറുകാരെക്കൊണ്ട് നിർവ്വഹിപ്പിക്കേണ്ടതാണ് | 3-4 |
| 17 | എൽ.പി - യു.പി.സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ - അനുവദനീയമല്ലാത്ത മാർഗ്ഗത്തിൽ വാങ്ങൽ നടത്തി | 3-5 |
| 18 | പശുവളർത്തൽ പദ്ധതി - ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങൾക്ക് സബ്സിഡി അനുവദിച്ചു | 3-6 |
| 19 | പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് - മരുന്ന് സ്റ്റോക്കിൽ എടുത്തിട്ടില്ല | 3-7 |
| 20 | നായാട്ടുകുണ്ട് കുടിവെള്ള പദ്ധതി, പദ്ധതി തുടങ്ങി നാലു വർഷമായിട്ടും പണിപൂർത്തിയാക്കിയിട്ടില്ല. | 3-8 |
| 21 | പൊതുകളി സ്ഥലങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - കരാർ പ്രകാരമുള്ള പണി പൂർത്തിയാക്കിയില്ല. കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. | 3-9 |
| 22 | മരാമത്തുപ്രവർത്തികളിൽ വകയിരുത്തിയതും നടപ്പിലാക്കിയതും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു | 3-10 |
| 23 | വാസുപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -ഒരു പ്രവർത്തി പൂർത്തിയാകാതെ അതേ ഗുണഭോക്തൃസമിതിക്ക് ഒരേ പേരിൽ മറ്റൊരു പ്രവർത്തി കൂടി അനുവദിച്ചു നൽകി. ഇരു പ്രവർത്തികളും പൂർത്തിയായിട്ടില്ല. ബില്ല് തയ്യാറാക്കിയതിലും അപാകത | 3-11 |
| 24 | ആശ്രയ പദ്ധതി വിലയിരുത്തൽ . | 3-12 |
| 25 | തൊഴിലുറപ്പു പദ്ധതി പ്രത്യേക അവലോകനം (2015-16 വർഷം) | 3-13 |
| 26 | നിർമ്മാണതൊഴിലാളി ക്ഷേമനിധി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 3-14 |
| | ഭാഗം 4 | |
| 27 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പൊസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 27.03.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 178137372/- രൂപയും ചെലവ് 169022270/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 28-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

അപാകതകൾ

1) എല്ലാ ആസ്തികളും ബാദ്ധ്യതകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

2) ബാലൻസ് ഷീറ്റ് പ്രകാരം ഹഡ്കോ വായ്പാതുകയിൽ ബാക്കിയുള്ള 10,129,467/- രൂപയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ സമ്രപ്പിച്ചിട്ടില്ല.

3) വസ്തുനികുതിയിലെ അധിക ഡിമാന്റ് ക്രമീകരിക്കുനതിന് ജേണൽ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും തുക കണക്കാക്കിയത് പരിശോധിക്കുവാൻ രേഖ ഹാജരാക്കിയില്ല.

4) 2014-15 വർഷത്തെ നീക്കിയിരിപ്പും 2015-16 വർഷത്തെ മുൻബാക്കിയും തമ്മിലുള്ള അന്തരം 10,37,143 രൂപയാണ്. 10,03,000 രൂപയുടെ വ്യത്യാസത്തിന് മാത്രമേ വിശദീകരണം നൽകിയിട്ടുള്ളൂ. 34,143/- രൂപയുടെ വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി – 61455213

വരവ് – 56156182

ആകെ – 1176111395

ചെലവ് – 77102295

നീക്കിബാക്കി – 40509100

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3753092 | * 15952174 | 19705266 | 19705266 | - | 0 |
| വികസനഫണ്ട് എസ്.സി.പി. | 4210923 | 3981028 | 8191951 | 5675186 | 2516765 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 767876 | 643854 | 1411730 | 693854 | 717876 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2695138 | ** 8737914 | 11433052 | 11433052 | - | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3105822 | *** 574273 | 3680095 | *3680095 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6169874 | 10453127 | 16623001 | 9316490 | 7306511 | 0 |
| ലോകബാങ്ക് സഹായം | 6059384 | 4868650 | 10928034 | 5517012 | 5411022 | 0 |

റിമാർക്സ്

*വികസന ഫണ്ട് പൊതുവിഭാഗം വരവ് വിവിധ ഫണ്ടുകളിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകകളുടെ ആകെ തുകയാണ്.

(2516765+717876+7306511+5411022 = 15952174)

സംരക്ഷണഗ്രാന്റ് നോൺറോഡിൽ നിന്നും 2041537 രൂപ സംരക്ഷണഗ്രാന്റ് റോഡിലേക്ക് മാറ്റി ചെലവഴിച്ചിട്ടുണ്ട്.

** 2041537 രൂപ കൂടാതെയുള്ള വരവ്

*** 2041537 രൂപ ഉൾപ്പെടെയുള്ള വരവ്

**** വികസന ഫണ്ടിൽ 6019169/-രൂപ ചിലവാകാതെ ലാപ്സ് ആയിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 305 | 108715790 | 194 | 52851177 | 9 | 102 | 63% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. കേരളോൽസവം
2. സ്ത്രീപദവി പഠനം ജാഗ്രതാസമിതി
3. SSA വിഹിതം (scp)
4. തൊഴിൽസേനയ്ക്ക് ട്രാക്ടർവാങ്ങൽ
5. തെരുവുവിളക്കുകൾ റിപ്പയർ
6. ഫ്രണ്ട് ഓഫീസ് നവീകരണം
7. അംഗൻവാടിയ്ക്ക് സ്ഥലംവാങ്ങൽ
8. കായികപരിശീലനവും സ്പോർട്സ് കിറ്റ് വിതരണവും
9. ശ്മശാനനിർമ്മാണം

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28.27% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7699369 | 4513383 | (-)3185986 | (-)41.37 |
| നികുതിയേതര വരവുകൾ | 1522531 | 2100739 | (+)578208 | (+)37.97 |
| ആകെ | 9221900 | 6614122 | 2607778 | (+)28.27 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 294120 | 173 |
| കർഷകതൊഴിലാളി പെൻഷൻ | 5303670 | 731 |
| വിധവാപെൻഷൻ | 13024840 | 1502 |
| വാർദ്ധക്യകാലപെൻഷൻ | 16476180 | 3389 |
| വികലാംഗപെൻഷൻ | 3580765 | 437 |
| അവിവാഹിത പെൻഷൻ | 1454240 | 178 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6025/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

- രസീതി ബുക്കുകൾ ഇഷ്യൂ ചെയ്യുന്നതിനു മുൻപ് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- വെറ്ററിനറി സർജൻ, ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ് കോടാലി), ഡെയറി ഫാം ഇൻസ്ട്രക്ടർ തുടങ്ങിയവർ 7A ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.(ജി.ഒ(പി)177/2006/ധന. തിയതി 12.04.2006)
- ഫ്രണ്ട് ഓഫീസിലേക്ക് ഇഷ്യൂ ചെയ്യുന്ന സാംഖ്യ രസീതികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
- ചെക്ക് ഇഷ്യൂ ചെയ്യുന്ന ദിവസം തന്നെ സാംഖ്യയിൽ പേയ്മെന്റ് എൻട്രി നടത്തുന്നില്ല. (ഉദാ: 920402, 920403, 920405 എന്നീ ചെക്കുകൾ ഇഷ്യൂ ചെയ്തിരിക്കുന്നത് ഏപ്രിൽ 2015ലാണ്. എന്നാൽ പേയ്മെന്റ് സാംഖ്യയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 31.03.2016 ൽ ആണ്)

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/11/16 | 10/16 | 29/12/16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/01/13 | 2007/2008 മുതൽ 2011/2012 വരെ | 27/03/13 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തിലെ വാർഷികധനകാര്യപത്രിക ബാലൻസ്ഷീറ്റ് പ്രകാരം വസ്തുനികുതികുടിശ്ശിക 3850453/- രൂപയാണ്. ഇത് തൻവർഷ ഡിമാന്റായ 4221252/- രൂപയുടെ 91 ശതമാനത്തോളമാണ്. ഇത്ര ഭീമമായ

കുടിശ്ശിക നിലനിർത്തുന്നത് ആശാസ്യമല്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ കായികപരിശീലനപദ്ധതി നടപ്പിലാക്കുകയും വ്യക്തിഗതഗുണഭോക്താക്കൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം നടത്തുകയും ചെയ്തു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S0287/16), സമഗ്രകായിക പരിശീലനവും സ്പോർട്സ് കിറ്റ് വിതരണവും |
| അടങ്കൽ | 1,00,000/- വികസനഫണ്ട് (പൊതുവിഹിതം)<br>1,50,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 1,00,000/- വികസനഫണ്ട് (പൊതുവിഹിതം)<br>1,45,200/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ | 39/15-16 dt. 31.03.16 (തുക – 100000/-)<br>40/15-16 dt. 31.03.16 (തുക – 145200/-) |
| ഡിഡി നമ്പർ | 470234 dt. 05.04.2016 (145200)<br>470249 dt. 05.04.2016 (100000) |

1994 ലെകേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 166, 1-ാം ഉപവകുപ്പ്, 3-ാം പട്ടിക CXVI പ്രകാരം ഗ്രാമപഞ്ചായത്തിന് കായികമേഖലയിൽ നിക്ഷിപ്തമായ ചുമതല കളിസ്ഥലങ്ങൾ നിർമ്മിക്കുക എന്നതുമാത്രമാണ്. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ 2015-16 വർഷത്തേക്ക് ബാധകമായ ആസൂത്രണ മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം.362/13 /തസ്വഭവ തി. 16.11.13 പ്രകാരവും വ്യക്തിഗതഗുണഭോക്താക്കൾക്ക് സ്പോർട്സ് കിറ്റ് വിതരണം അനുവദനീയമായ പ്രവൃത്തിയല്ല. എന്നാൽ, സംസ്ഥാന / ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെ കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകല്പനചെയ്ത് നടപ്പിലാക്കാവുന്നതാണ്. ഓഡിറ്റ് വർഷം രാജധാനി എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് വിവിധ കളിയുപകരണങ്ങൾ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുകയും ടി സ്ഥാപനത്തിന്റെ തന്നെ മേൽനോട്ടത്തിൽ കായികപരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, ഷട്ടിൽ എന്നീ ഇനങ്ങളിൽ നടത്തിയ പരിശീലനത്തിന് ഓരോ ഇനത്തിനും ഒരു ദിവസത്തേക്ക് 575/- രൂപ പ്രകാരം 20 ദിവസത്തേക്ക് ( 4 x 20 x 575) 46,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, കായികപരിശീലനത്തിന് സ്പോർട്ട്സ് കൗൺസിലുകളുടെ പങ്കാളിത്തമുള്ളതായി കാണുന്നില്ല. പരിശീലകരുടെ യോഗ്യതകൾ സംബന്ധിച്ച രേഖകളും ലഭ്യമല്ല. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കളെ ഗ്രാമസഭയുടെ അംഗീകാരത്തോടെയല്ല തിരഞ്ഞെടുത്തിട്ടുള്ളതെന്നും കാണുന്നു. പദ്ധതി നടപ്പാക്കുന്നതിനായുള്ള 25.02.16 ലെ 46-ാം നമ്പർ തീരുമാനത്തിനെതിരെ പഞ്ചായത്ത് ഭരണസമിതിയോഗത്തിൽ സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 1995 ലെ കേരളാ പഞ്ചായത്ത് രാജ്

(പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടം 29(3) പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ഇക്കാര്യം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 10/29.11.16 നൽകിയെങ്കിലും മറുപടിയും ലഭിച്ചില്ല. ആയതിനാൽ, 2,45,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 <u>രേഖകളുടെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു</u>

എ)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S0112/16), ആയുർവേദമരുന്ന് വാങ്ങൽ |
| അടങ്കൽ | 5,00,000/- |
| ചെലവ് | 5,00,000/- |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| ട്രഷറി ബിൽ നമ്പർ | 13/15-16 dt. 30.09.15 |
| ഡിഡി നമ്പർ | 748752 dt. 30.09.15 |

മേല്വിവരങ്ങൾ പ്രകാരം ഔഷധിയിൽ നിന്നും ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ വാങ്ങിയതിനുള്ള തുക നൽകിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. രസീതിന്റെ അഭാവത്തിൽ, 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | (S0114/16), സ്ട്രീറ്റ് മെയിൻ വലിക്കൽ |
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,99,940/- |
| ഫണ്ട് | വികസനഫണ്ട് പൊതുവിഹിതം |
| ട്രഷറി ബിൽ നമ്പർ | 48/15-16 dt. 31.03.16 (490000) |
| ഡിഡി നമ്പർ | 468765 dt 02.04.16 |

മേൽവിവരിച്ച പദ്ധതിയിൽ കെ.എസ്.ഇ.ബി ക്ക് നൽകിയ തുകക്ക് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം,

വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ, 499940/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ആദായനികുതി ഈടാക്കി അടവാക്കേണ്ടതാണ്

എ)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ, പേര് | (S0282/16), തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ |
| അടങ്കൽ | 250,795/- |
| ചെലവ് | 106,239 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| ട്രഷറി ബിൽ നമ്പർ | 15/15-16 dt. 13.10.15 (36394)<br>26/15-16 dt. 14.01.16 (69845) |
| ഡിഡി നമ്പർ | 36394 രൂപയുടെ ഡിഡി വിവരങ്ങൾ ലഭ്യമല്ല<br>750305 dt. 14.01.16 (69845) |

കരാറുകാരനായ കെ.കെ.ഗോപി, കോമ്പാത്ത് വീട്, പേരാമ്പ്രക്ക് നൽകിയ തുകക്ക് ഐ.ടി. ഈടാക്കിയതായി കാണുന്നില്ല.1961ലെ ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194(സി) പ്രകാരം 1062/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

ബി)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ, പേര് | (S0290/16), ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | 3,00,000/- |
| ചെലവ് | 3,00,000/- |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ | 1/15-16 dt. 25.06.15 (മാറിയ തുക – 3,00,000/-) |
| ഡിഡി നമ്പർ | 747431 dt. 27.06.2015 (തുക - 297000) |

കരാർ തുകയായ 3,00,000/- രൂപക്ക് ആനുപാതികമായി 3000/-രൂപ ഐ.ടി അടവാക്കേണ്ടതുണ്ട്. കരാറുകാരന് 3000/- രൂപ കുറവ് ചെയ്താണ് നൽകിയെങ്കിലും ആദായനികുതി അടവാക്കിയ രേഖ ഹാജരാക്കിയിട്ടില്ല. രേഖ

ഹാജരാക്കുകയോ തുക അടവാക്കിയിട്ടില്ലെങ്കിൽ ആയത് അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് പരിപാലനപ്രവൃത്തികൾ- അംഗീകൃതകരാറുകാരെക്കൊണ്ട് നിർവ്വഹിപ്പിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ പരിപാലനം (റിപ്പയറും മെയിന്റനൻസും) സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 3055/ ഡി.എ3/2011/ തസ്വഭവ തി. 15.09.2011 പ്രകാരം പരിപാലന പ്രവൃത്തികൾ അംഗീകൃതകരാറുകാരെക്കൊണ്ട് മാത്രമാണ് നടത്താവുന്നത്. ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പദ്ധതിയുടെ (S0290/16) കരാറുകാരന് (ശ്രീ.അബ്ദുൾ ഖാദർ, ഉറക്കാപറമ്പിൽ - ബ്രൈറ്റ് ഇലക്ട്രിക്കൽസ്) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോഡിൽ നിന്നും ലഭിച്ച ലൈസൻസിന് 03.05.12 മുതൽ 02.05.15 വരെ മാത്രമേ കാലാവധിയുള്ളൂ. പ്രവൃത്തി നടത്തിയ കാലയളവിൽ ടിയാന് ലൈസൻസ് ഉള്ളതായി കാണുന്നില്ല. തെരുവ് വിളക്ക് പരിപാലനപ്രവൃത്തികളുടെ നിർവ്വഹണം അംഗീകൃത കരാറുകാരെക്കൊണ്ട് മാത്രം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 എൽ.പി - യു.പി.സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ -- അനുവദനീയമല്ലാത്ത മാർഗ്ഗത്തിൽ വാങ്ങൽ നടത്തി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| പ്രൊജക്റ്റ് നമ്പർ, പേര് | (S0315/16), എൽ.പി - യു.പി. സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ |
| അടങ്കൽ | 2014-15, 2015-16 വ്രഷങ്ങൾ ഉൾപ്പെടെ --<br>5,60,000/- (1,00,000 + 4,60,000/-) |
| ചെലവ് | 2014-15 – 1,00,000/- (CFC)<br>2015-16 -- 4,49,256/-(2,39,256 -- CFC + 2,10,000 Maint. Grant nonroad) |
| ട്രഷറി ബിൽ നമ്പർ | 1/15-16 dt. 26.08.15, തുക – 2,39,256/-<br>2/15-16 dt. 26.08.15, തുക – 2,10,000/- |
| ഡിഡി നമ്പർ | 748401 dt 01.09.15 തുക- 2,10,000/-<br>748402 dt. 01.09.15 തുക – 2,39,256/- |
| ഗുണഭോക്തൃസമിതി കൺവീനർ | ബാബുരാജ്, പൂവത്തുകാരൻ |

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ചെയ്യാവുന്ന സംഗതിയിൽ ഒരു പൊതുമരാമത്ത് പണി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് തീരുമാനിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.3 പ്രകാരവും (ജി.ഒ.(പി) 259/2010 തസ്വഭവ തി. 08.11.2010) 5,00,000/- രൂപയിൽ അധികരിക്കാത്ത പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹിക്കാവുന്നതാണ്. ഇതിനായി, ഗുണഭോക്തൃസമിതി ഒരു ഉപപ്രൊജക്റ്റ് ഉണ്ടാക്കി സ്വന്തം വിഭവങ്ങൾ ( വിദഗ്ധ / അവിദഗ്ധ തൊഴിലാളികൾ, സാധന സാമഗ്രികൾ, ഉപകരണങ്ങൾ) എന്നിവ ഉപയോഗിച്ച് നിർവ്വഹണം നടത്തേണ്ടതാണ്. എന്നാൽ സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രവൃത്തി ഒരു പൊതുമരാമത്ത് പ്രവൃത്തിയായി കണക്കാക്കാനാവില്ലെന്ന് മാത്രമല്ല, ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് (സൂര്യ ടിംബർ & സോമിൽ, നന്തിപുലം, തൃശ്ശൂർ) ഓർഡർ നൽകുകയെന്ന രീതിയാണ് ടി പദ്ധതിയിൽ അവലംബിച്ചിട്ടുള്ളത്. ടി പ്രവൃത്തി, ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി, വാങ്ങൽ ടീം എന്നിവയുടെ നേതൃത്വത്തിലായിരുന്നു നിർവ്വഹിക്കേണ്ടിയിരുന്നത്. മേൽപദ്ധതിയുടെ അടങ്കലാവട്ടെ 5,60,000/- രൂപയാണ്. ആയതിനാൽ, ടി പ്രവൃത്തി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കാവുന്നതല്ല. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/23.11.16 ന് നൽകിയ മറുപടിയിൽ പിൻകോഡ എന്ന മരം വാങ്ങി ഗുണഭോക്തൃസമിതിയുടെ നേതൃത്വത്തിൽ നേരിട്ട് പണി കഴിപ്പിച്ചതായി പറയുന്നുണ്ട്. എന്നാൽ, ഇക്കാര്യം സ്ഥിരീകരിക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. വാങ്ങിയ വസ്തുക്കളുടെ ഗുണനിലവാരം, ചെലവ് എന്നിവ മോണിറ്ററിംഗ് കമ്മിറ്റി അവലോകനം ചെയ്യേണ്ടതുണ്ട്. എന്നാൽ ഫയലിൽ അവലോകനറിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-6 പശുവളർത്തൽ പദ്ധതി - ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങൾക്ക് സബ്സിഡി അനുവദിച്ചു

12-ാംപഞ്ചവത്സരപദ്ധതി – മൃഗസംരക്ഷണം ക്ഷീരവികസനം സബ്സിഡി മാർഗ്ഗരേഖയിൽ "ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ പേരിൽ സബ്സിഡി ഡിമാന്റ് ഡ്രാഫ്റ്റായോ, അക്കൗണ്ട് പേയി ചെക്കായോ നൽകണം " എന്ന നിബന്ധനയുണ്ട്. എന്നാൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പശു വളർത്തൽ പദ്ധതി (വനിത) ( പ്രൊജക്റ്റ് നം. SO 184/16) യിലെ രണ്ട് ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയായ 15000/- രൂപയുടെ D.D അനുവദിച്ചിരിക്കുന്നത് പർച്ചേയ്സ് കമ്മിറ്റി തീരുമാനിച്ച വ്യക്തികൾക്കല്ല, മറിച്ച് ഗുണഭോക്താവിന്റെ തന്നെ കുടുംബത്തിലെ അംഗങ്ങൾക്കാണ്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| ഗുണഭോക്താവിന്റെ പേര്/ അഡ്രസ്സ്/ റേഷൻകാർഡ് നം. | പർച്ചേയ്സ് കമ്മിറ്റി തീരുമാനിച്ച വ്യക്തിയുടെ പേര് | D.D issue ചെയ്ത വ്യക്തിയുടെ പേര്/ അഡ്രസ്സ്/റേഷൻകാർഡ് നം. | D.D No/ തിയതി | സബ്സിഡി തുക |
|---|---|---|---|---|
| വിലാസിനി<br>കളപുരയ്ക്കൽ വീട്<br>1843114797 | കൈനാത്തുടൻ ജയ, വെണ്ടൂർ | മല്ലിക<br>കളപുരയ്ക്കൽ വീട്<br>1843114797 നമ്പർ റേഷൻകാർഡിൽ അംഗമാണ്. | 4697206/ 21.3.16 | 15000/- |
| ലളിത എ.വി<br>പനയിരുത്തി വീട്<br>1843118024 | പർച്ചേയ്സ് കമ്മിറ്റി തീരുമാനം ലഭ്യമല്ല.<br>D.D issue ചെയ്ത ലിസ്റ്റ് പ്രകാരം ബാലൻ | ശാന്തി പി.ടി<br>പനിയിരുത്തി വീട്<br>1843118024 നമ്പർ റേഷൻകാർഡിൽ അംഗമാണ്. | 469718/ 21.3.16 | 15000/- |

| | | | | | |
|---|---|---|---|---|---|
| | കണിയാറൊടി വീട് എന്നവർക്കാണ് D.D അനുവദിച്ചിട്ടുള്ളത് | | | | |

പർച്ചേയ്സ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് പശുവിനെ നൽകിയ വ്യക്തിയുടെ പേരിൽ അല്ലാതെ കുടുംബാംഗങ്ങളുടെ പേരിൽ സബ്സിഡി തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.5)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 30000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 <u>പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് - മരുന്ന് സ്റ്റോക്കിൽ എടുത്തിട്ടില്ല</u>

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പാലിയേറ്റീവ് കെയർ പ്രൊജക്റ്റിൽ ( പ്രൊജക്റ്റ് നം.SO 127/16- ആകെ ചെലവ് 400000/-) മരുന്നും അനുബന്ധ ഉപകരണങ്ങളുടെ വിതരണവും എന്നയിനത്തിനായി 87600/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട് ( ബിൽ നം. 13/15 തിയതി 29.03.16). ഈ പ്രൊജക്റ്റിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്നു വാങ്ങിയതിൽ ( ഇൻവോയ്സ് നം. 330 തിയതി 16.6.2016) ക്രമ നം. 4, “REDDY OMEZ 20 MG CAP” (NOs-11000, Rate 2.67/- ) എന്ന മരുന്ന് സ്റ്റോക്കിൽ എടുത്തതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.7) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ മരുന്നിന്റെ വിലയായ 29370/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 <u>നായാട്ടുകുണ്ട് കുടിവെള്ള പദ്ധതി, പദ്ധതി തുടങ്ങി നാലു വർഷമായിട്ടും പണി പൂർത്തിയാക്കിയിട്ടില്ല.</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ. | SO 145/2011-12 |
| <u>അടങ്കൽ തുക</u> | |
| ജില്ലാ പഞ്ചായത്ത് വിഹിതം- | 450000 |
| ഗുണഭോക്തൃവിഹിതം – | 50000 |
| ആകെ – | 500000/- |

പദ്ധതിയുടെ ഗുണഭോക്തൃസമിതി കൺവീനറായ ശ്രീ. സുമേഷ് നല്ലപറമ്പിൽ, ചെയർമാൻ ആയ അബു എൻ.കെ എന്നിവരുമായി ചേർന്ന് 07/AE/LSGD/MTR GP Dt. 17.12.2012 പ്രകാരം കരാർ ഒപ്പിട്ടുണ്ട്. നിലവിൽ മൂന്നാമത് പാർട്ട് ബിൽ വരെ യായി 207539/- രൂപയുടെ മാത്രമേ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളൂ. ഒരു കുടിവെള്ള പദ്ധതി ആരംഭിച്ച് നാലു വർഷമായിട്ടും പൂർത്തീകരിക്കാത്തത് ഒട്ടും ആശാസ്യമല്ല. പണി എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 <u>പൊതുകളി സ്ഥലങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - കരാർ പ്രകാരമുള്ള പണി പൂർത്തിയാക്കിയില്ല. കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.</u>

പ്രോജക്റ്റ് നമ്പർ S0 257/15 പ്രകാരം 750000/ രൂപ അടങ്കലായി പൊതുകളിസ്ഥലങ്ങളുടെ സൗകര്യങ്ങൾമെച്ചപ്പെടുത്തൽ എന്ന പ്രവർത്തി 13/AE/LSGD/MTRGP Dt. 07.05.2015 പ്രകാരം കരാറുകാരന് ഏൽപ്പിച്ചു നൽകിയിട്ടുള്ളതുമാണ്. ചെമ്പുച്ചിറ , കോടാലി എന്നിങ്ങനെ രണ്ടിടങ്ങളിലെ രണ്ട് കളിസ്ഥലങ്ങളിലാണ് പണി നിശ്ചയിച്ചിരുന്നത്. എന്നാൽ ഫൈനൽ ബിൽ പ്രകാരം ആകെ 279831 രൂപയുടെ പണികൾ മാത്രമാണ് പൂർത്തീകരിച്ചത്. ചെമ്പുച്ചിറ ഗ്രൗണ്ടിന്റെ പണി നടത്തിയിട്ടില്ല എന്ന് കാണുന്നു. ഏത് സാഹചര്യത്തിലാണ് മേൽ പ്രവർത്തി നടത്താത്തത് എന്നുകാണിക്കുന്ന യാതൊരു വിശദീകരണവും ഫയലിൽ ചേർത്തിട്ടില്ല. കംപാരിറ്റീവ് സ്റ്റേറ്റുമെന്റും കാണുന്നില്ല. എഗ്രിമെന്റ് വെച്ച പ്രവർത്തി ഏത് കാരണത്തിലാണ് നടക്കാതിരുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-10 മരാമത്തുപ്രവർത്തികളിൽ വകയിരുത്തിയതും നടപ്പിലാക്കിയതും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു.

2015-2016 വർഷത്തിൽ മരാമത്തു പ്രവർത്തികളിൽ വകയിരുത്തിയതും നടപ്പിലാക്കിയതും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. നിർമ്മാണ പ്രവർത്തികൾ നടപ്പാക്കാനാവാത്ത വിധം എണ്ണത്തിൽ കൂടുതൽ രൂപകല്പന ചെയ്യുന്നത് അനാവശ്യമായ അദ്ധ്വാനത്തിനാണ് വഴിയൊരുക്കുന്നത്. മാത്രമല്ല സമഗ്രമായി നടപ്പിലാക്കാവുന്ന പദ്ധതികൾ പലതും എണ്ണക്കൂടുതൽ കാരണം നടപടിക്രമങ്ങളിൽ കുരുങ്ങി നടപ്പാക്കാനാവാതെയും വരുന്നു. നടപ്പാക്കാത്ത പദ്ധതികളിൽ കൂടുതലും കുടിവെള്ള പദ്ധതികളും ജലസേചനപദ്ധതികളുമാണ് . ഇത് പ്രത്യേക പരിശോധനയർഹിക്കുന്നു.

| ഇനം | ആകെ വകയിരുത്തിയ എണ്ണം/തുക | നടപ്പിലാക്കിയവയുടെ എണ്ണം/തുക | ശതമാനം |
|---|---|---|---|
| പ്രവർത്തികളുടെ എണ്ണം സംബന്ധിച്ച് | 212 | 141 | 66 |
| ചെലവിട്ട തുക സംബന്ധിച്ച് | 60979306 | 31891607 | 52 |

## 3-11 വാസുപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -ഒരു പ്രവർത്തി പൂർത്തിയാകാതെ അതേ ഗുണഭോക്തൃസമിതിക്ക് ഒരേ പേരിൽ മറ്റൊരു പ്രവർത്തി കൂടി അനുവദിച്ചു നൽകി. ഇരു പ്രവർത്തികളും പൂർത്തിയായിട്ടില്ല. ബില്ല് തയ്യാറാക്കിയതിലും അപാകത.

വാസുപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി 1166667 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ നെല്ലിപ്പള്ളി ചാക്കു വാസുപുരം കൺവീനറായും, ശ്രീ.സിജോൺ.ടി.ടി. ചെയർമാനായും ഉള്ള ഗുണഭോക്തൃ സമിതിയെ 88/AE/LSGD/MTRGP Dt. 14.03.13(A) എഗ്രിമെന്റ് പ്രകാരം ഏൽപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെ പ്രവർത്തിയുടെ ഫൈനൽ ബില്ല് തയ്യാറാക്കിയിട്ടില്ല. 22-09-2014 ൽ ഈ പ്രവർത്തിയുടെ രണ്ടാമത് പാർട്ട് ബിൽ അനുവദിച്ചിട്ടുണ്ട്. അതു പ്രകാരം ആകെ പ്രവർത്തിമൂല്യം 822602/- രൂപയാണ്. ഈ പ്രവർത്തിക്ക് ആകെ അനുവദിച്ച മൊബൈലൈസേഷൻ അഡ്വാൻസ് 100000 രൂപയാണ്. പക്ഷേ പ്രവർത്തിയുടെ 31-03-14 ലെ ആദ്യബില്ലിൽ നിന്നും 50000 രൂപയും, രണ്ടാമത് ബില്ലിൽ നിന്നും 100000 രൂപയും മൊബൈലൈസേഷൻ ഇനത്തിൽ കുറച്ചിരിക്കുന്നതായാണ് കാണുന്നത്. ഫലത്തിൽ 50000 രൂപ അധികമായി കുറച്ചിരിക്കുന്നു.

മേൽപ്രവർത്തി പൂർത്തീകരിക്കാതെ തന്നെ 335000/ രൂപ അടങ്കലിൽ ഏതാണ്ട് സമാനമായ പ്രവർത്തികൾക്ക് തന്നെ മറ്റൊരു പ്രോജക്ട് പ്രകാരം ശ്രീ.ചാക്കു കൺവീനറായും ശ്രീ. സിജോൺ .ടി.ടി ചെയർമാനായും ഉള്ള ഗുണഭോക്തൃ സമിതിയുമായി 1/AE/LSGD/MTRGP Dt. 28.08.14 പ്രകാരം കരാർ ഒപ്പിട്ടിട്ടുണ്ട്.

ഈ പ്രവർത്തിയുടേയും ഫൈനൽ ബില്ല് ഇതു വരെ തയ്യാറാക്കിയിട്ടില്ല. ഇതിനായി 75000 രൂപ മൊബൈലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ 185189 രൂപ പ്രവർത്തിമൂല്യമുള്ള ആദ്യ പാർട്ട് ബില്ലാണ് നാളിതു വരെ പൂർത്തിയായിട്ടുള്ളത്. ഈയിനത്തിൽ 37500 രൂപ മൊബൈലൈസേഷൻ അഡ്വാൻസ് ഗുണഭോക്തൃസമിതിയുടെ കൈയ്യിൽ നിലവിൽ അവശേഷിക്കുന്നുണ്ട്.

ഈ പ്രോജക്ടിന്റെ ആദ്യ പ്രോജക്ട് നമ്പർ. 132/13 ലെ ധനകാര്യ വിശകലനപ്രകാരം ആകെ വകയിരുത്തലിന്റെ പത്തുശതമാനം ഗുണഭോക്തൃവിഹിതമാണ്. ഈ പത്തുശതമാനം തുക പഞ്ചായത്തിൽ സമിതി ഒടുക്കിയിട്ടില്ല. പകരം സിവിൽ പ്രവർത്തികളുടെ ബില്ലിൽ നിന്ന് പത്തുശതമാനം കുറവാക്കുകയാണ് ചെയ്ത് വരുന്നത്. ഈ പ്രവർത്തിയുടെ ഭാഗമായി ശ്രീ. ചാക്കുവിനെത്തന്നെ 88/AE/ LDGD/ MTRGP Dt. 04.03.2016 പ്രകാരം 188000 രൂപയുടെ ഇലക്ട്രിക്കൽ

പ്രവർത്തികൾക്കായി കരാർ ഒപ്പിട്ടിട്ടുണ്ട്. മോട്ടോർ പമ്പ് സെറ്റ് സപ്ലൈ ചെയത് സ്ഥാപിക്കലും , വൈദ്യുതീകരണജോലികളും ആണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്.ഇതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആകെ ഹാജരാക്കിയത് ഫൈനൽ ബിൽ , സാങ്കേതിക അനുമതി വിവരം എന്നിവ മാത്രമാണ്. ഫൈനൽ ബിൽ പ്രകാരം ആകെ പ്രവർത്തിമൂല്യം 176922 രൂപ എന്ന് ബില്ലിൽ ചേർത്തിട്ടുണ്ട്. പണം കൈമാറിയതിന്റെ വിവരങ്ങൾ എം ബുക്കിലോ , ഫയലിലോ ഇല്ല. ഗുണഭോക്തൃ വിഹിതമായ 17692 രൂപ ഈടാക്കിയിയതായും കാണുന്നില്ല. മേൽക്കാണിച്ച 17692 രൂപ ഗുണഭോക്തൃസമിതിയിൽ നിന്ന് ഈടാക്കാനും ഇരു പ്രവർത്തികളുടെയും പ്രവർത്തി അടിയന്തിരമായി പൂർത്തീകരിച്ച് അന്തിമബില്ല് തയ്യാറാക്കേണ്ടതുമാണ്.

## 3-12 ആശ്രയ പദ്ധതി വിലയിരുത്തൽ .

| | പ്രോജക്ട് | രണ്ടാമത് പ്രോജക്ട് |
|---|---|---|
| ആകെ ഗുണഭോക്താക്കളുടെ എണ്ണം | 180 | |
| വീടു വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 39 | |
| നാളിതുവരെ ലഭിച്ചവർ | - | |
| വീട് ആവശ്യമുള്ളവർ | 39 | |
| നാളിതുവരെ ലഭിച്ചവർ | 4 | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 12 | |
| നാളിതുവരെ ലഭിച്ചവർ | - | |
| കക്കൂസ് ആവശ്യമുള്ളവർ | | |
| നാളിതുവരെ ലഭിച്ചവർ | | |
| കുടിവെള്ളം ആവശ്യമുള്ളവർ | 1 | |
| നാളിതുവരെ ലഭിച്ചവർ | 1 | |
| കറന്റ് ആവശ്യമുള്ളവർ | | |
| നാളിതുവരെ ലഭിച്ചവർ | | |

ആശ്രയ പദ്ധതി കുറേക്കൂടി കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട് എന്ന് മുകളിൽ ചേർത്ത വിവരങ്ങൾ കാണിക്കുന്നു.

തീർത്തും നിസ്സഹായരായ ആളുകളുടെ അടിസ്ഥാനആവശ്യങ്ങളാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം എന്നിരിക്കെ ഇക്കാര്യത്തിൽ ഭരണസമിതിയുടെ ജാഗ്രത ക്ഷണിച്ചുകൊള്ളുന്നു. ഓഡിറ്റ് വർഷം പദ്ധതിവിഹിതത്തിൽ നിന്നും വക മാറ്റി ചെലവിടാതെ ആശ്രയ അക്കൗണ്ടിൽ 283000/- രൂപ അവശേഷിക്കുന്നുണ്ട്.

## 3-13 തൊഴിലുറപ്പ് പദ്ധതി പ്രത്യേക അവലോകനം (2015-16 വർഷം)

| ക്രമനമ്പർ | വിഷയം | എണ്ണം |
|---|---|---|
| 1 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 6355 |
| 2 | തൻവർഷം വകയിരുത്തിയ തൊഴിൽ ദിനങ്ങൾ | 1257669 |
| 3 | തൻവർഷം നൽകാനായ തൊഴിൽദിനങ്ങൾ | 123095 |

| | | |
|---|---|---|
| 4 | തൻവർഷം വകയിരുത്തിയ പദ്ധതികൾ | 1419 |
| 5 | തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ | 300 |
| 6 | തൻ വർഷം വകയിരുത്തിയ അടങ്കൽ തുക | 342575000 |
| 7 | തൻവർഷം ചെലവിട്ട തുക | 23472307 |
| 8 | ചെലവ് ശതമാനം | 6.85 |
| 9 | തൻവർഷം നൂറു തൊഴിൽദിനങ്ങൾ നൽകാനായ കുടുംബങ്ങളുടെ എണ്ണം. | 499 |

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 6355 ആയിരിക്കെ കേവലം 499 പേർക്കു മാത്രമേ നൂറു തൊഴിൽദിനങ്ങൾ ഉറപ്പാക്കാനായിട്ടുള്ളൂ. തൻ വർഷം വകയിരുത്തിയ തൊഴിൽദിനങ്ങളും നൽകാനായ തൊഴിൽദിനങ്ങളും തമ്മിലുള്ള അനുപാതം കേവലം 9.78 % മാത്രമാണ്. തൊഴിലുറപ്പു പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

## 3-14 നിർമ്മാണതൊഴിലാളി ക്ഷേമനിധി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

ഓഡിറ്റ് വർഷം നിർമ്മാണതൊഴിലാളി ക്ഷേമനിധി ഇനത്തിൽ 310385- രൂപ വരവുണ്ട്. ഈ തുക ഡി.ഡി ആയി നിർമ്മാണതൊഴിലാളി ക്ഷേമനിധി ഓഫീസിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ രസീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 59893 | എടത്തൻകുന്ന് കുടിവെള്ള പദ്ധതി | 51409 | 289960 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1131600 | ഗാലസ | 1094940 | 36660 |
| | | 200000 | ഫിസിക്കലി ചലഞ്ച്ഡ് | | 200000 |
| | | 100000 | വയോജനക്ഷേമം | | 100000 |

| | | | | |
|---|---|---|---|---|
| | 475000 | ഡയറി ഡെവലപ്മെന്റ് | 475000 | 0 |

അക്കൗണ്ടിലേയും പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ തമ്മിലുള്ള വിത്യാസം ലഭ്യമാക്കിയ റെക്കോർഡുകൾ വെച്ച് പരിശോധിക്കാൻ സാധ്യമായിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | D.D No.468765 തിയതി 2/4/16 | 499940 | 499940 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ൽ നിന്നും ലോൺ | സ.ഉ.319/04 ത.സ്വ.ഭ.വ 26.11.11 | 13373200 | 9694467 | - | - | 10129467 |
| Secured loan from co-operative bank E.M.S. ഭവന | 32661/ DB1/09/ ത.സ്വ.ഭ.വ 16.06.09 | 7500000 | 3000000 | 750000 | - | 2250000 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 830236 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 830236 + 72128( പലിശ) |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 902364 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| F.D.No. 80000389259/T.D.C.B. കോടാലി | 902364 |
| Share certificate – മുകുന്ദപുരം മൾട്ടിപർപ്പസ് വനിതാ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 22500 |
| ആകെ | 924864 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6376/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ |
|---|---|---|---|---|

| | | | ഉദ്യോഗ പ്പേരും | തിയ്യതി |
|---|---|---|---|---|
| 1995-96 | 3 | 90 | പ്രദീപ് | 2144/2.6.15 |
| 1970-71 | 3 | 150 | കെ.ഒ എസ്തപ്പാനോസ് | 5192/6.10.15 |
| 1974-75 | 18എ(2) | 424 | സെക്രട്ടറി | 5193/6.10.15 |
| 1982-83 | 16ഇ | 205 | പി.സി ആന്റണി | 5194/6.10.15 |
| 1982-83 | 16ജി | 732 | പി.സി ആന്റണി | 5195/6.10.15 |
| 1984-85 | 20 | 471 | സെക്രട്ടറി | 5196/6.10.15 |
| 1985-86 | 19 | 625 | സെക്രട്ടറി | 5197/6.10.15 |
| 1985-86 | 30 | 367 | സെക്രട്ടറി | 5198/6.10.15 |
| 1985-86 | 32 | 351 | സെക്രട്ടറി | 5199/6.10.15 |
| 1985-86 | 38 | 558 | സെക്രട്ടറി | 5200/6.10.15 |
| 1986-87,1987-88 | 30 | 935 | സെക്രട്ടറി | 5218/7.10.15 |
| 1991-92 | - | 105 | സെക്രട്ടറി | 5219/7.10.15 |
| 1990-91 | 22 | 480 | സെക്രട്ടറി | 5220/7.10.15 |
| 1990-91 | 23 | 84 | സെക്രട്ടറി | 5221/7.10.15 |
| 1998-99 | 48സി | 549 | സെക്രട്ടറി | 5223/7.10.15 |
| 1998-99 | - | 250 | സെക്രട്ടറി | 5224/7.10.15 |
| ആകെ | | | | 6376 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-11 | 2009-10 | 2-8 | നിക്ഷേപങ്ങൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | ലോക്കൽ വെരിഫിക്കേഷൻ കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-15 | 2009-10 | 2-9 | മുൻകൂർ നൽകിയിട്ടും പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | ലോക്കൽ വെരിഫിക്കേഷൻ കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 2003-04 | 3-11,3-20 | 2009-10 | 2-10 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച | ലോക്കൽ വെരിഫിക്കേഷൻ കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമായിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 56156182 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77102295 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1304510 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 245200 | ബിന്ദു കെ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 500000 | സലീമ കെ.എ,സെക്രട്ടറി |
| 3-2 | 499940 | ബിന്ദു കെ,സെക്രട്ടറി |
| 3-6 | 30000 | എം.എം.എൽദോ,വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 3-7 | 29370 | ഡോ.കെ.കൃഷ്ണകുമാർ,മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി |
| ആകെ | 1304510 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1970-71 | എൽ.എഫ്.ടി(എസ്.2)826/2011 തിയതി 28.10.2011 | |
| 1974-75 | | |
| 1982-83 | | |
| 1983-84 | | |
| 1984-85 | | |
| 1985-86 | | |
| 1986-87 | | |
| 1987-88 | | |

| | | |
|---|---|---|
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1993-94 | | |
| 1994-95 | | |
| 1995-96 | എൽ.എഫ്.ടി 9-897/02 തിയതി 17.10.02 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി 8-1008/98തിയതി 20.03.99 | |
| 1996-97(വരവ്) | എൽ.എഫ്.ടി 9-918/02തിയതി17.10.02 | |

| | | |
|---|---|---|
| 1997-98(ചെലവ്) | എൽ.എഫ്.ടി 9-1007/98തിയതി 18.3.99 | |
| 1997-98(വരവ്) | എൽ.എഫ്.ടി 9-891/02തിയതി17.10.02 | |
| 1998-99(ചെലവ്) | എൽ.എഫ്.ടി.16-661/00 തിയതി.16-06-06 | |
| 1998-99(വരവ്) | എൽ.എഫ്.ടി 9-16/09തിയതി 26-12-09 | |
| 1999-00 | എൽ.എഫ്.ടി 9-17/09തിയതി 26-12-09 | |
| 2000-01,2001-02 ജനകീയാസൂത്രണം | എൽ.എഫ്.ടി.9-1754/03തിയതി 01-10-04/23-12-04 | |
| 2000-01 | എൽ.എഫ്.ടി 9-18/09തിയതി 26-12-09 | |
| 2001-02 | എൽ.എഫ്.ടി 9-10/09തിയതി 26-12-09 | |
| 2002-03 | എൽ.എഫ്.ടി 9-20/09തിയതി 26-12-09 | |
| 2003-04 | എൽ.എഫ്.ടി 9-21/09തിയതി 26-12-09 | |
| 2004-05 | എൽ.എഫ്.ടി. 9-22/09 തിയതി. 26-12-09/15-02-10 | |

| | | |
|---|---|---|
| | | |
| 2005-06 | എൽ.എഫ്.ടി. 10-2017/10 തിയതി. 31-05-11 | |
| 2006-07 | എൽ.എഫ്.ടി 10-2018/10 തിയതി. 31-05-11 | |
| 2007-08 | എൽ.എഫ്.ടി 854/11തിയതി 29-11-11 | |
| 2008-09 | എൽ.എഫ്.ടി. 855/11 തിയതി. 29-11-11/04-02-12 | |
| 2009-10 | എൽ.എഫ്.ടി .പി2-690/12 തിയതി. 07-07-12 | |
| 2010-11 | എൽ.എഫ്.ടി .പി2-691/12 തിയതി. 07-07-12/04-10-12 | |
| 2011-12 | എൽ.എഫ്.ടി .പി26-2103/13 തിയതി. 14-05-14/10-09-14 | |
| 2012-13 | എൽ.എഫ്.ടി .പി6-1769/14തിയതി 01-01-15/08-07-15 | |
| 2013-14 | കെ.എസ്.എ.-ടി.എസ്.ആർ.-പി.6-1194/15 തീയതി. 30.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി6) 1329/15 തിയതി 02.11.2015/10.12.2015 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി6 )2102 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 25.01. 20167

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P6)2102 /16

Kerala State Audit Department,

District Audit Office, Thrissur

PIN 680 020
Dated: 25.01. 2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mattathur Grama Panchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mattathur Grama Panchayaat for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,Thrissur